ഉത്തരം

(എ) പ്രസ്തുത റോഡുകൾ കടന്നുപോകുന്ന സ്ഥലങ്ങളും, റോഡിന്റെ അലൈൻമെന്റും തിട്ടപ്പെടുത്തിയിട്ടില്ല. വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നേയുള്ളൂ.

(ബി) ഇല്ല.

(സി) പ്രസ്തുത കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ രണ്ടു റോഡുകളുടെയും റിപ്പോർട്ട് ആലുവ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നുണ്ട്.

അയലത്ത് പാലം

99 (882)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിലെ വാമനപുരം ആറ്റിൽ അയലത്ത് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭരണാനുമതി ഏത് വർഷമാണ് നൽകിയിട്ടുള്ളത് എന്നും അതിന്റെ എസ്റ്റിമേറ്റ് എന്തു തുകയാണെന്നും വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണാവശ്യങ്ങൾക്കുവേണ്ടി ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എന്തു തുക വീതമാണ് വകകൊള്ളിച്ചിരുന്നത്;

(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിലേക്കുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(എഫ്) ഭരണാനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താതെയും നിർമ്മാണപ്രവർത്തനങ്ങൾ നടത്താതിരിക്കുന്നതും റിസർവേഷൻ മണ്ഡലത്തിലെ ജനങ്ങളോട് പ്രകടിപ്പിക്കുന്ന അവഗണനയാണെന്നുള്ള ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഈ വർഷത്തെ ബഡ്ജറ്റിൽ തന്നെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള തുക വകയിരുത്തി പാലത്തിന്റെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1994-ൽ, എസ്റ്റിമേറ്റ് തുക 105 ലക്ഷം രൂപ.

(സി) പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തനമൊന്നും ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

(ഇ) 2 ലക്ഷം രൂപ.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) സ്ഥലം ലഭ്യമായാൽ മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

കുളഞ്ഞി-ചാന്നാട്ടുമുക്ക് പാലങ്ങൾ പുതുക്കി പണിയണമെന്ന ആവശ്യം

100 (883)ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ തകരാറിലായ കുളഞ്ഞി-ചാന്നാട്ടുമുക്ക് പാലങ്ങൾ പുതുക്കി പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങൾ പണിയുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ നൽകാൻ വേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുവാൻ വേണ്ട എസ്റ്റിമേറ്റ് പരിശോധനയിലാണ്.

കോർളായി ദ്വീപിനെ ബന്ധിപ്പിക്കുന്ന പാലം

101 (884)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കോർളായി ദ്വീപിനെ മറുകരയുമായി ബന്ധിപ്പിക്കുന്ന പാലത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടും പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിവരുന്നു.

(ബി) പാലത്തിന്റെ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ച് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുകയും ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തു

LIBRARY ARCHIVES Kerala Legislative Assembly